പരമ്പരാഗത മത്സ്യ ബന്ധന മേഖലയിലെ ഉൽപ്പാദനം

60 [1653] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാട്ട് കരാർ നിലവിൽ വരുന്നതിനുമുമ്പ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഒരു വർഷം പിടിച്ചിരുന്ന മത്സ്യസമ്പത്ത് എത്രയായിരുന്നു എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഗാട്ട് കരാർ നിലവിൽ വന്നശേഷം പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ശേഖരിക്കുന്ന മത്സ്യ സമ്പത്ത് എത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരു വർഷം ശരാശരി 3,59,900 (മൂന്നു ലക്ഷത്തി അമ്പത്തി ഒമ്പതിനായിരത്തി തൊള്ളായിരം) മെട്രിക് ടൺ മത്സ്യ സമ്പത്ത് പിടിച്ചിരുന്നു.

(ബി) ഗാട്ട് കരാർ നിലവിൽ വന്നശേഷം വർഷംതോറും ശരാശരി 2,72,883 (രണ്ടു ലക്ഷത്തി എഴുപത്തി രണ്ടായിരത്തി എണ്ണൂറ്റി എൺപത്തി മൂന്ന്) മെട്രിക് ടൺ മത്സ്യസമ്പത്ത് ശേഖരിക്കുന്നു. ഈ ഉല്പാദനത്തിൽ വന്ന കുറവിന് ഗാട്ട് കരാറുമായി ബന്ധമില്ല.

മത്സ്യവിപണനകേന്ദ്രങ്ങൾ

61 [1654] ശ്രീ. എ. യൂനസ് കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യവിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉൾനാടൻ മത്സ്യവിപണനകേന്ദ്രങ്ങൾ സ്ഥാപിക്കുക എന്ന ''100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി''യുടെ ഒന്നാംഘട്ടത്തിലും പ്പെടുത്തി നെടുമങ്ങാട്, വൈക്കം, കുണ്ടറ, പേരാമ്പ്ര എന്നിവിടങ്ങളിലും ടി പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ആലപ്പുഴ, തിരുവല്ല, പാലക്കാട്, അടിമാലി, കൽപ്പറ്റ എന്നിവിടങ്ങളിലും ഉൾനാടൻ മത്സ്യവിപണനകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനുപുറമേ കടലോരമേഖലയെ ബന്ധപ്പെടുത്തി കേന്ദ്രസഹായം ലഭിക്കുന്ന ''കോമൺചെയിൻ'' പദ്ധതിയിൽ ഉൾപ്പെടുത്തി മൂന്നു ഘട്ടങ്ങളിലായി കൊല്ലം, ആലപ്പുഴ, കൊച്ചി, മലപ്പുറം, കോഴിക്കോട്, വളപട്ടണം, തലശ്ശേരി എന്നിവിടങ്ങളിൽ വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ഉദ്ദേശമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly